**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 537 | 19.03.2013 -ൽ മറുപടിയ്ക്ക് |

**ഗ്രാമീണ വ്യവസായ സംരംഭങ്ങളിലെ കുടിശ്ശിക**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. മുല്ലക്കര രത്നാകരൻ** | **സി.എൻ. ബാലകൃഷ്ണൻ (ബഹു. സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)** |
| (എ) ഖാദി ഗ്രാമ വ്യവസായ ബോർഡ് നൽകിയിട്ടുള്ള ഗ്രാമീണ വ്യവസായ സംരംഭങ്ങളിൽ നിന്നും എന്ത് തുക കുടിശ്ശിക ഉണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) 31/12/2012 കണക്കനുസരിച്ച് പാറ്റേൺ പദ്ധതി പ്രകാരം 25.03 കോടി രൂപയും കൺസോർഷ്യം ബാങ്ക് ക്രെഡിറ്റ് (സി.ബി.സി) പദ്ധതി പ്രകാരം 8.34 കോടി രൂപയും കുടിശ്ശിക ഉണ്ടായിട്ടുണ്ട്. |
| (ബി) ഇത്തരം കുടിശ്ശികകളുടെ പിഴപ്പലിശ കുറവു ചെയ്തു കൊണ്ട് വായ്പ തിരിച്ചടവു ത്വരിതപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ? | (ബി) പാറ്റേൺ പദ്ധതി പ്രകാരം വായ്പയെടുക്കുകയും വായ്പ തുക ശരിയായി വിനിയോഗിച്ച് യൂണിറ്റ് പ്രവർത്തിപ്പിക്കുകയും ചെയ്തിട്ടുള്ള വായ്പക്കാർക്ക് ഖാദി കമ്മീഷൻ അനുവദിച്ച പ്രകാരം ഒറ്റത്തവണയായി കുടിശ്ശിക തീർപ്പാക്കുന്ന പക്ഷം പിഴപ്പലിശ ഇളവ് ചെയ്ത് കൊടുക്കുന്നുണ്ട്.<br><br>സി.ബി.സി. പദ്ധതി വഴി വായ്പയെടുത്തവർക്ക് ബോർഡ് തീരുമാനപ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ നിബന്ധനകൾക്ക് വിധേയമായി ചില പ്രത്യേക കാലയളവുകളിൽ പിഴപ്പലിശ ഇളവ് ചെയ്ത് കൊടുക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ